# പതിനാലാം കേരള നിയമസഭ
## പത്താം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.5209** **26.03.2018 ൽ മറുപടിക്ക്**

**റോഡ് നിർമ്മാണം മൂലം വാസസ്ഥലം നഷ്ടപ്പെട്ട യൂസഫിന് നഷ്ടപരിഹാരം**

| ചോദ്യം<br>ശ്രീ. കെ.സി.ജോസഫ് | മറുപടി<br>ശ്രീ.ജി.സുധാകരൻ<br>(ബഹു:പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി) |
|---|---|
| (എ) മലയോര ഹൈവേയ്ക്ക് വേണ്ടി ചെറുപുഴ മുതൽ വള്ളിത്തോട് വരെയുള്ള 52 കിലോമീറ്റർ ഭാഗത്ത് റോഡ് വീതികൂട്ടാൻ ആവശ്യമായ സ്ഥലം നാട്ടുകാർ സൗജന്യമായി നൽകിയതാണെന്ന കാര്യം ഗവൺമെന്റിന്റെ ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; | (എ) ശ്രദ്ധയിൽപെട്ടിട്ടുണ്ട്. |
| (ബി) വീട് പൂർണ്ണമായോ ഭാഗികമായോ നഷ്ടപ്പെട്ട 5 സെന്റിൽ താഴെമാത്രം സ്ഥലമുള്ള പാവപ്പെട്ടവർക്ക് നഷ്ടപരിഹാരം നൽകാൻ (മുൻകൂട്ടി കാണാൻ കഴിയാത്ത കാര്യങ്ങൾക്ക് എന്ന ഹെഡിൽ) 35 ലക്ഷം രൂപ മാറ്റിവെച്ചിട്ടുണ്ടെന്ന കാര്യം ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ; | (ബി) മലയോര ഹൈവേയ്ക്ക് സാങ്കേതികാനുമതി നൽകിയ 205 കോടി രൂപയിൽ മേൽ പ്രവൃത്തിയുമായി ബന്ധപ്പെട്ട് മുൻകൂട്ടി കാണാൻ കഴിയാത്ത കാര്യങ്ങൾക്കായി 36,19,957/- രൂപ വകയിരുത്തിയിട്ടുണ്ട്. |
| (സി) ഈ റോഡിൽ, നടുവിൽ ഭാഗത്ത് സ്വന്തമായ വാസസ്ഥലം നഷ്ടപ്പെട്ട കാളീരകത്ത് യൂസഫ് എന്നയാൾ വീട് വയ്ക്കാനാവശ്യമായ നഷ്ടപരിഹാരം ആവശ്യപ്പെട്ട് നൽകിയ അപേക്ഷ ഗവൺമെന്റിന് ലഭിച്ചിട്ടുണ്ടോ; | (സി) നടുവിൽ ഭാഗത്ത് സ്വന്തമായ വാസസ്ഥലം നഷ്ടപ്പെട്ട കാളീരകത്ത് യൂസഫ് എന്നയാൾ വീട് വയ്ക്കാനാവശ്യമായ നഷ്ടപരിഹാരം ആവശ്യപ്പെട്ട് നൽകിയ അപേക്ഷ ലഭിച്ചിട്ടില്ല. ശ്രീ.യൂസഫ് ഇതുവരെ റോഡിനാവശ്യമായ സ്ഥലം വിട്ടു നൽകിയിട്ടില്ല എന്നും എന്നാൽ ഇരിക്കൂർ നിയോജക മണ്ഡലം ബഹു.എം.എൽ.എ ശ്രീ.കെ.സി.ജോസഫ് ഇതുമായി ബന്ധപ്പെട്ട് നഷ്ടപരിഹാരം നൽകണമെന്ന് ആവശ്യപ്പെട്ട കത്ത് ലഭിച്ചിട്ടുള്ളതായും ചീഫ് എഞ്ചിനീയർ അറിയിച്ചിട്ടുണ്ട്. നിലവിൽ ഉദ്ദേശിച്ച അലൈൻമെന്റ് പ്രകാരം ശ്രീ.യൂസഫിന്റെ ഭവനത്തിന്റെ ഒരു ഭാഗവും ശരാശരി 2.30 മീറ്റർ വീതിയും |

| | |
|---|---|
| | 16.50 മീറ്റർ നീളവും ഏറ്റെടുത്താൽ മാത്രമേ പ്രസ്തുത സ്ഥലത്ത് റോഡ് 12 മീറ്റർ വീതിയിൽ വികസിപ്പിക്കുവാൻ സാധ്യമാകുകയുള്ളൂ. |
| (ഡി) ഈ അപേക്ഷയിൽ എന്തുനടപടി സ്വീകരിച്ചുവെന്ന് അറിയിക്കുമോ? | ഡി) ബഹു. എം. എൽ. എ കെ. സി. ജോസഫ് ഇതുമായി ബന്ധപ്പെട്ട് നൽകിയ കത്തിന്റെ അടിസ്ഥാനത്തിൽ സ്ഥലം അളന്ന് തിട്ടപ്പെടുത്തിയെങ്കിലും മലയോര ഹൈവേ പദ്ധതി സ്ഥലമെടുത്ത് നടപ്പിലാക്കാൻ തീരുമാനമില്ലാത്തതിനാൽ പ്രസ്തുത സ്ഥലം എത്രയും പെട്ടെന്ന് ആവശ്യമായി വന്നതിനാൽ പഞ്ചായത്ത് അധികാരികളുമായി ബന്ധപ്പെടുകയും പഞ്ചായത്തിന്റെ ലൈഫ് പദ്ധതിയിൽ ഉൾപ്പെടുത്തി നഷ്ടപരിഹാരം നൽകാൻ സാധിക്കുമോയെന്ന് ആരാഞ്ഞിട്ടുണ്ടെന്ന് ചീഫ് എഞ്ചിനീയർ അറിയിച്ചിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**